## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222 27.01.2014- ൽ മറുപടിയ്ക്ക്

## നിർദ്ധനർക്ക് സൗജന്യമായി ആംബുലൻസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ബി. സത്യൻ | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എസ്.എ.റ്റി. ആശുപത്രിയിൽ നവജാത ശിശുവിന്റെ മൃതദേഹം ബക്കറ്റിലിട്ട് ഉപേക്ഷിക്കാൻ ശ്രമം നടത്തിയതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) നിർദ്ധനരായ ആദിവാസികളുടെ കുഞ്ഞിന്റെ മൃതദേഹത്തോട് അനാദരവ് കാട്ടിയവർക്കെതിരെ മാതൃകാപരമായ വകുപ്പുതല നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) & (ബി) | എസ്.എ.റ്റി. ആശുപത്രിയിൽ നവജാത ശിശുവിന്റെ മൃതദേഹം കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം മേധാവി ഉൾപ്പെട്ട ഒരു സമിതിയെ അന്വേഷണത്തിന് നിയോഗിക്കുകയും സമിതി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസവത്തിനു മുൻപു തന്നെ ഗർഭസ്ഥശിശു മരണമടയുകയും ടി മൃതദേഹം നിയോനാറ്റോളജി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം പ്ലാസ്റ്റിക് കണ്ടെയ്നറിൽ കൊണ്ടു പോകാനായി നൽകുകയും ചെയ്തു. മറ്റു ചില അസുഖങ്ങൾ കൂടി ബാധിച്ചതിനാൽ മാതാവിനെ തുടർ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്യുകയും ചെയ്തു. അവധി ദിവസമായതിനാൽ ആംബുലൻസ് നൽകുന്നതിന് കുറഞ്ഞ ഒരു കാലതാമസമുണ്ടായി. മൃതദേഹം കൊണ്ടു പോകാനായി ബന്ധുക്കൾ ആംബുലൻസിൽ പ്രവേശിച്ചപ്പോൾ നാട്ടുകാർ അത് തടയുകയും ചാനലുകളുടെ പ്രതിനിധികൾ എത്തിയശേഷം പോയാൽ മതിയെന്ന് നിർബന്ധിക്കുകയും ചെയ്തതിനാൽ മൃതദേഹം കൊണ്ടുപോകുന്നതിന് കാലതാമസമുണ്ടായി. ഇതാണ് പരാതിക്കടിസ്ഥാനമായി അന്വേഷണത്തിൽ കണ്ടെത്തിയത്. ആംബുലൻസിനുള്ള ചെലവ്, പ്ലാസ്റ്റിക് കണ്ടെയ്നറിന്റെ ചെലവ് എന്നിവ ആശുപത്രിയിൽ നിന്നുതന്നെയാണ് വഹിച്ചത്. പട്ടികവർഗ്ഗ കോ- ഓർഡിനേറ്റർ അവധി ദിവസമായതിനാൽ |

| | | |
|---|---|---|
| | | ആശുപത്രിയിൽ ഹാജരില്ലാതിരുന്നതിനാൽ പ്രസ്തുത വകുപ്പിന്റെ സഹായവും വേണ്ട രീതിയിൽ ടി കുടുംബത്തിന് ലഭിച്ചില്ല. ഇതും പരാതിക്ക് അടിസ്ഥാനമായിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ ഏതെങ്കിലും ആശുപത്രി ജീവനക്കാർക്ക് ഉത്തരവാദിത്വമുള്ളതായി കണ്ടെത്തിയിട്ടില്ല. മൃതദേഹത്തിനോട് അനാദരവ് കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കേണ്ട അവസ്ഥയില്ല. എന്നിരുന്നാലും ഇത്തരം പരാതികൾ മേലിൽ ഉണ്ടാകാതിരിക്കാനായി എസ്.സി/എസ്.ടി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഒരു കോ- ഓർഡിനേറ്ററെ അവധി ദിവസങ്ങളിൽ ഉൾപ്പെടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നിർദ്ധനർക്ക് സൗജന്യമായി ആംബുലൻസ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ട്രൈബൽ ഫണ്ട് ഉപയോഗപ്പെടുത്തി പട്ടിക വർഗ്ഗക്കാരായ രോഗികൾക്ക് സൗജന്യമായി ആംബുലൻസ് സൗകര്യം ലഭ്യമാക്കാറുണ്ട്. ജനനി സുരക്ഷ പദ്ധതി പ്രകാരം എസ്.എ.റ്റി. ആശുപത്രിയിൽ നിന്നും പ്രസവം കഴിഞ്ഞ് പോകുന്ന എല്ലാവർക്കും (എ.പി.എൽ/ ബി.പി.എൽ ഭേദമന്യേ) യാത്രാ ചെലവിന് 500/- രൂപ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ